## വനഭൂമികളിൽ അനധികൃതമായ പ്രവേശനം.

* 168. [34] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് വനഭൂമികളിൽ അനധികൃതമായി പ്രവേശനം നടത്തിയിട്ടുള്ളതിന്റെ വിസ്തീർണ്ണം എത്രയെന്ന സർവ്വെ നടത്തി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വിസ്തീർണ്ണം വീതം ഉണ്ടെന്നു പറയുവാൻ കഴിയുമോ;

(സി) ഈ പ്രവേശനഭൂമികളെ സംബന്ധിച്ചു ഗവണ്മെൻറിന്റെ നയമെന്തെന്നു വ്യക്തമാക്കാമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) സർവ്വെ നടത്താതെ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(സി) അനധികൃതമായി കൈയ്യേറിയവരെ ഒഴിപ്പിക്കണമെന്നാണ് ഗവണ്മെൻറിന്റെ നയം.

## ഭവനനിർമ്മാണം.

* 169. [36] ശ്രീ. കെ. എ. ശിവരാമൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത കർഷകത്തൊഴിലാളികൾക്ക് ഗവണ്മെൻറിൽ നിന്നും വീട് പണിയിച്ചുകൊടുക്കുന്നതിനു വല്ല പദ്ധതിയും ഗവണ്മെൻറിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് അവർക്ക് വീട് പണിയിച്ചുകൊടുത്തിട്ടുള്ളത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ട്.

(ബി) തൃശ്ശൂർ, വടക്കാഞ്ചേരി, പാലക്കാട്, പട്ടാമ്പി, ഷൊർണ്ണൂർ, ഇരിഞ്ഞാലക്കുട, ഇരവിപേരൂർ, കായംകുളം, കൃഷ്ണപുരം, ഐവർകാല, ഇരുപ്പിപുരം, തൃക്കാക്കര, വാഴൂർ, കടമന, മീനാട്ട്, നേര്യമംഗലം, പന്തളം.

## കള്ളുവടക്കാരുടെ സെക്യൂരിറ്റി സംഖ്യകൾ.

* 170. [38] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.

(എ) തൃശ്ശിക്കള്ളുവടക്കാർ ലൈസൻസിനായി സെക്യൂരിറ്റി അടച്ചിട്ടുള്ള സംഖ്യകൾ മടക്കിക്കൊടുക്കാതെ ഇനി എത്ര പേരുടേതു ബാക്കിയുണ്ട്;

(ബി) മുകുന്ദപുരം കൊടുങ്ങല്ലൂർ താലൂക്കിൽ എത്രപേർക്ക് ബാക്കി തിരിയെ കൊടുക്കാനുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly